"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - പെരുങ്കടവിള കൃഷി ഭവനിലെ മുൻ കൃഷി അസിസ്റ്റൻ് പരേതനായ പാടിക് സി. എഫ് - ന്റെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതന അവധിയായി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.853/2024/AGRI തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22/11/2023, 23/07/2024 തീയതികളിലെ ADFW/11370/2022-SE2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള കൃഷി ഭവനിലെ മുൻ കൃഷി അസിസ്റ്റന്റ് പാടിക് സി.എഫ്. - 25/11/2022 മുതൽ 20/07/2023 വരെയുള്ള ശൂന്യവേതന അവധിയും ടിയാൻ മരണപ്പെട്ട തീയതി വരെയുള്ള കാലയളവും ക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുങ്കടവിള കൃഷി ഭവനിലെ മുൻ കൃഷി അസിസ്റ്റൻ് പരേതനായ പാടിക് സി. എഫ് - ന്റെ 25/11/2022 മുതൽ 20/07/2023 വരെയുള്ള ഹാജരില്ലായ്മ കാലയളവ്, ടിയാളുടെ അവധി അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതന അവധിയായി അനുവദിച്ചും 21.07.2023 മുതൽ ടിയാൻ മരണപ്പെട്ട തീയതി വരെയുള്ള കാലയളവിലേയ്ക്ക് അവധി അപേക്ഷ ലഭ്യമല്ലാത്ത സാഹചര്യത്തിൽ 27/07/2023 - 29/07/2023 കാലയളവിൽ ടിയാൻ മരണപ്പെട്ടതായി പരാമർശം പ്രകാരം അറിയിച്ചിട്ടുള്ളതിനാൽ ,21.07.2023 മുതൽ ടിയാൻ മരണപ്പെട്ട തീയതി വരെയുള്ള കാലയളവ് കെ. എസ്. ആർ, ഭാഗം I, ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു നൽകിയും ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പാടിക് സി.എഫ്.(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/306/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ